(ബി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾ എത്രമാത്രം ഓരോ വർഷവും വിവിധ ഏജൻസികൾ വഴി സംഭരിക്കുകയുണ്ടായി;

(സി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾ എത്രമാത്രം രാജ്യത്ത് ഓരോ വർഷവും ഇറക്കുമതി ചെയ്യുകയുണ്ടായി എന്ന് അറിയുമോ?

ഉത്തരം

(എ) ഓരോ വർഷത്തെയും റബ്ബർ, നാളികേരം, കരുമുളക്, ഏലം, മഞ്ഞൾ, തേയില എന്നിവയുടെ ഉല്പാദനവും കർഷകർക്ക് ലഭിച്ച ശരാശരി വിലയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-1-2013 മുതൽ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതി പ്രകാരം ഓരോ വർഷവും സംഭരിച്ച നാളികേരത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

വർഷം	സംഭരണം (ടൺ)
2012-13	6023
2013-14	32305
2014-15	9900
2015-16	18369

25-2-2014 തീയതിയിലെ സ.ഉ.(എംഎസ്.)നമ്പർ56/2014/കൃഷി പ്രകാരം റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികൾ 2014 ഡിസംബർ വരെ 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. റബ്ബർ, കുരുമുളക്, ഏലം, മഞ്ഞൾ, തേയില, നാളികേരം എന്നീ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്തതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

റബ്ബർ വിലയിടിവ്

172 (1644) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന റബ്ബർ കർഷകരുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011-ൽ ഒരു കിലോ റബ്ബറിന്റെ വില എത്രയായിരുന്നു; നിലവിൽ എത്ര രൂപയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം എത്ര രൂപയുടെ ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയിലെ കണക്കുപ്രകാരം 2011 മേയ് മാസത്തെയും ഇപ്പോഴത്തെയും വില (കിലോയ്ക്ക്) താഴെ ചേർത്തിരിക്കുന്നു:

ഗ്രേഡ്	2011 മേയ് മാസത്തെ വില	ഇപ്പോഴത്തെ വില (21-11-2015-ന് അവസാനിക്കുന്ന ആഴ്ചയിലെ വില)
RSS-1	245.69	115.00
RSS-2	240.69	113.00
RSS-3	230.92	110.00
RSS-4	225.23	108.00
RSS-5	223.06	106.67

(സി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു.

(ഡി)

ജില്ല	സബ്സിഡി
തിരുവനന്തപുരം	18296499
കൊല്ലം	35779409
ആലപ്പുഴ	...
പത്തനംതിട്ട	25361057
കോട്ടയം	62264384
ഇടുക്കി	22343064
തൃശ്ശൂർ	13812027
എറണാകുളം	36365437
പാലക്കാട്	39670444
മലപ്പുറം	55621529
കോഴിക്കോട്	12819001
കണ്ണൂർ	50571217
വയനാട്	...
കാസർഗോഡ്	25183828

LIBRARY ARCHIVES Kerala Legislative Assembly